**ഓരോ വിഭവത്തിന്റെയും ഉപയോഗത്തിലും അവയോടുള്ള സമീപനത്തിലും വിവേകവും ജാഗ്രതയും പുലർത്തി, ആൾക്കൂട്ടങ്ങളിലായിരിക്കുമ്പോൾ പോലും അതിന്റെ കഥയില്ലായ്മകൾ തിരിച്ചറിഞ്ഞ്, തന്റേടത്തോടെ ജീവിക്കുവാൻ ശ്രമിക്കലാണ് കാലം ആവശ്യപ്പെടുന്നതെന്ന്**

**സി. രാജഗോപാലൻ**

# പരിണമിക്കുന്നവർ പ്രകാശം പരത്തുന്നു

‘മൂല്യശാസ്ത്രവും ഭൂമി രാഷ്ട്രീയവും’ എന്ന ശീർഷകം കണ്ടപ്പോൾ പെട്ടെന്ന് ഓർമ്മയിലെത്തിയത്ഒരു സംഭവമാണ്.

അഞ്ചാറു വർഷങ്ങൾക്കു മുമ്പ് ഒരു നാൾ പരിസ്ഥിതി പ്രവർത്തകനായ സി.ആർ.നീലകണ്ഠൻ ഫോണിൽ വിളിച്ചിട്ടു ചോദിച്ചു, ഒരു വിദേശി പ്ലാച്ചിമടയും ഭാരതപ്പുഴയും മറ്റും കാണാൻ വരുന്നു; ഒന്ന് കൂടെച്ചെല്ലുമോ?’ ’ എന്ന്. ആവശ്യപ്പെട്ടത് സി.ആർ ആയതുകൊണ്ടും, വികസനത്തിന്റെ ഇരകളുടെ പക്ഷത്ത് ശക്തമായി നിലകൊള്ളുന്നയാളാണീ സായിപ്പ് എന്ന് വ്യക്തമാക്കപ്പെട്ടതിനാലും സന്തോഷത്തോടെ പുറപ്പെട്ടു. കോർപ്പറേറ്റ് വികസനത്തിലടങ്ങിയ മനുഷ്യാവകാശ ധ്വംസനങ്ങളെയും പരിസ്ഥിതി പ്രശ്നങ്ങളെയും കുറിച്ച് ആഗോളതലത്തിൽ തന്നെ പഠന ഗവേഷണങ്ങൾ നടത്തുന്ന ഒരാളാണ് അദ്ദേഹം എന്ന് നീലകണ്ഠന്റെ വാക്കുകളിൽ നിന്നും മനസ്സിലായി.

പ്ലാച്ചിമട സന്ദർശിച്ചു വരുന്ന അദ്ദേഹത്തെ ചെറുതുരുത്തിയിൽ വെച്ചാണ് ഞാൻ കണ്ടുമുട്ടിയത്. കടുത്ത വേനലിനെ വക വെയ്ക്കാതെ, വറ്റി വരണ്ട പുഴയിലെ മണൽക്കുഴികൾ താങ്ങി ഞങ്ങൾ കുറെ ദൂരം നടന്നു. ദാഹം സഹിക്കാതായപ്പോൾ പുഴകയറി നിരത്തുവക്കിലെ ഒരു കടയിൽച്ചെന്നു. കുടിക്കാനെന്തുണ്ട് എന്നു ചോദിച്ചതും, സായിപ്പിനെ കണ്ടതുകൊണ്ടു കൂടിയാകണം, കടക്കാരൻ ഉത്സാഹത്തോടെ കൊക്കക്കോളയുടെ ഒരു പെരും കുപ്പി ഞങ്ങൾക്കു നേരെ നീട്ടി. അതു കണ്ടതും സായിപ്പിന്റെ സ്വതവേ ചുവന്നു തുടുത്ത മുഖം കുറെ കൂടി രക്ത വർണ്ണമായി പെട്ടെന്നദ്ദേഹം ഞെട്ടിത്തിരിഞ്ഞ് നെഞ്ചിൽ തറയ്ക്കും പോലെ എന്നോടൊരു ചോദ്യം. “ Are you people not ashamed of drinking the blood of your fraternity?” (‘സഹജീവികളുടെ ചോരകുടിക്കാൻ നാണമില്ലേ നിങ്ങൾക്ക്’ എന്ന് പച്ചമലയാളം!) അതുകേട്ട് ആൾകൂട്ടത്തിനു നടുവിൽ വി

വസ്ത്രനായതുപോലെ ഞാൻ ലജ്ജിതനായി. സഹജാവബോധത്തിൽ ഇങ്ങനെ ക്ഷണമാത്രയിൽ അടയാളപ്പെടുന്നത് നമ്മുടെ സമൂഹത്തിൽ എത്രമാത്രം അപൂർവ്വമാണ്!

യന്ത്രസഹായത്തോടെയും അല്ലാതെയുമുള്ള അറിവുകളുടെ പ്രളയം തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ബഹുഭൂരിപക്ഷം മനുഷ്യരിലും അത്തരം അറിവുകൾ പ്രതിരോധത്തിലൂന്നുന്ന യാതൊരു പ്രതികരണവും ഉണ്ടാക്കുന്നില്ല എന്നതാണ് ഈ കാലഘട്ടത്തെ ഇത്രയേറെ ഇരുണ്ടതാക്കുന്നത്.

യാഥാർത്ഥ്യത്തിൽ നിന്ന് മുഖം തിരിച്ചും നേരുകളെ തമസ്കരിച്ചും ആത്മ വഞ്ചനാപരമായി കഴിഞ്ഞു കൂടുക (ജീവിയ്ക്കലല്ല!) എന്നത് ലോകമെമ്പാടും സാർവ്വത്രികമായ ഒരു വ്യവസ്ഥയായി പടർന്നു കഴിഞ്ഞിരിക്കുന്നു!



**എക്കാലവുമുള്ള ഏതൊരു മനുഷ്യസമൂഹത്തിലും നന്മകളും തിന്മകളും ഇടകലർന്നാണിരുന്നിട്ടുള്ളത്. എന്നിരിക്കിലും വർത്തമാനകാല സമൂഹത്തെ താരതമ്യങ്ങളില്ലാത്ത വിധം വേറിട്ടുനിർത്തുന്നത്, അത് വികസനത്തിന്റെയും ഭോഗാർത്തികളുടെയും പേരിൽ പ്രകൃതിയുമായി അന്തിമ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ് എന്ന വസ്തുതയാണ്**

വിത്ത് അതിന്റെ സ്വാഭാവിക സാഹചര്യങ്ങളിൽ മുളച്ച് ഇലപിരിഞ്ഞ് വൃക്ഷമായിത്തീരുന്നതിനു സമം ഒരു പരിണാമ ഗുപ്തിയുണ്ടാവണം അറിവിന്. അറിവ് ഒരാളിൽ തിരിച്ചറിവായും, ഉത്തരവാദിത്തബോധമായും സ്വാഭാവികമായി പരിണമിക്കേണ്ടതുണ്ട്. അറിവു മൂലം ഉണ്ടാകേണ്ടിയിരുന്ന ഈ തിരിച്ചറിവും ഉത്തരവാദിത്വബോധവും ഇല്ലാതാക്കി എന്നതാണ് ഭൗതികതയിലൂന്നിയ പാശ്ചാത്യ വിദ്യാഭ്യാസം കൊണ്ടുണ്ടായ ഏറ്റവും വലിയ കെടുതി.

നിങ്ങൾക്കുകൂടി പങ്കില്ലാത്തതായി ഈ സമൂഹത്തിൽ യാതൊന്നും സംഭവിക്കുന്നില്ല എന്ന ജിദ്ദു കൃഷ്ണമൂർത്തിയുടെ ദർശനം അറിവിന്റെ ഉത്തരവാദിത്ത തലത്തെതന്നെയാണ് ഊന്നുന്നത്. സ്വന്തം ബുദ്ധികൊണ്ട് ക്ഷണമാത്രയിൽ ഈ ഭൂമിയുടെ ആവിർഭാവ കാലം തൊട്ട് വർത്തമാന നിമിഷം വരെയുള്ള കാലങ്ങളിലൂടെ സഞ്ചരിക്കാനാവും ഒരാൾക്ക്. ആ സഞ്ചാര വേഗത്തിലൂടെ ഈ ഗ്രഹത്തിന്റെ ജാതകത്തെ ചുരുക്കത്തിൽ വായിച്ചെടുക്കാനുമാവും.

460 കോടി വർഷങ്ങൾ പ്രായം കണക്കാക്കുന്ന ഈ ഭൂമിയെ നാല്പത്താറു വയസ്സായ ഒരമ്മയായി സങ്കൽപിച്ചാൽ, ഭൂമിയ്ക്ക് മനുഷ്യൻ സൃഷ്ട്യുന്മുഖമായി പരിക്കേൽപ്പിച്ചു തുടങ്ങിയ കാർഷിക വൃത്തി ആരംഭിച്ചിട്ട് കേവലം ഒരു മണിക്കൂറും ജീവൽ വിഭവങ്ങളും അവയുടെ ചൈതന്യവും ചവച്ചുതുപ്പി ഈ ഭൂമിയെ വെറുമൊരു മാലിന്യ കൂമ്പാരമാക്കുന്ന വ്യാവസായിക വിപ്ലവമാരംഭിച്ചിട്ട് കേവലം ഒരു മിനിട്ടും മാത്രമെ ആയിട്ടുള്ളൂ.

കൃഷിയുടെ പതിനായിരത്താണ്ടുകളും ഏറ്റവുമൊടുവിൽ വ്യാവസായിക വിപ്ലവത്തിന്റെ രണ്ടര നൂറ്റാണ്ടും പിന്നിട്ടുകഴിഞ്ഞ ഒരു കാലസന്നിധിയിൽ നില്പാണ് ഇന്ന് മനുഷ്യരാശി.

അവിടെ നിന്നുകൊണ്ട്, തങ്ങൾ അന്നോളം ആർജ്ജിച്ച അറിവിനോടും തങ്ങളുടെ മനഃസാക്ഷിയോടും ആവുന്നത്ര നീതിപുലർത്തി ജീവിക്കുകയല്ലേ വേണ്ടത് എന്ന്, ജീവിതത്തിന്റെ ഇടവേളകളിലെങ്കിലും ചിന്തിക്കുകയും അതേസമയം, സ്വയമറിയാതെ ചുറ്റുപാടും നുരഞ്ഞുപൊങ്ങുന്ന ഉപഭോഗാർത്തികളിൽ വീണുപോവുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം മനുഷ്യരുണ്ട്. സ്വയം മിന്നാമിനുങ്ങായി വെട്ടപ്പെടുന്ന വിരലിലെണ്ണാവുന്ന മനുഷ്യർ ഉൽപാദിപ്പിക്കുന്ന വെളിച്ചത്തിന്റേതായ ഇത്തരം ചിന്തകളും ആശയങ്ങളും അന്യോന്യങ്ങളും പ്രസക്തവുമായിത്തീരുന്നത് മേൽപ്പറഞ്ഞ വലിയ വിഭാഗം മനുഷ്യരുടെ കാര്യത്തിലാണ്. മൂല്യശാസ്ത്രത്തിന്റെയും ഭൂമി രാഷ്ട്രീയത്തിന്റെയും ആശയങ്ങൾ ഇരുവിഭാഗം ജനങ്ങൾക്കു മുമ്പാകെ വെക്കുമ്പോൾ, അതിന് ഉപോദ്ബലകമായി ചില സംഗതികൾ കുറിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

ശീർഷകത്തിൽ പുതുമതോന്നുമെങ്കിലും ഇതിന്റെ ഉള്ളടക്കത്തിന് മനുഷ്യന്റെ ആദിബോധത്തോളം തന്നെ പ

ഴക്കമുണ്ട്.

അയ്യായിരം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ടതെന്നു കരുതുന്ന അഥർവ്വാവിന്റെ ഭൂമി സൂക്തത്തിൽ

"...യത്തേ ഭൂമേ വിഖനാമി, ക്ഷിപ്രം
തദപിരോഹതു
മാ... തേ മർമ്മ വിമൃഗ്വരി...
മാ... തേ ഹൃദയമർപ്പിതം."

എന്നൊരു പ്രാർത്ഥനയുണ്ട്. ("അല്ലയോ ഭൂമി നിന്നിൽ നിന്നും (ഞാൻ) എന്തൊക്കെയാണോ എടുക്കുന്നത് അതൊക്കെയും വീണ്ടും വീണ്ടും മുളച്ചു വളരട്ടെ. അല്ലയോ അമ്മേ, നിന്റെ മർമ്മങ്ങളെ, നിന്റെ ഹൃദയത്തെ (ഞങ്ങൾ) ഒരിക്കലും പിളർക്കാതിരിക്കട്ടെ.") ശാസ്ത്രജ്ഞാനവും വിഭവമൂല്യവും ഭൂമി രാഷ്ട്രീയവുമൊന്നും ഇത്രത്തോളം പ്രസക്തമല്ലാതിരുന്ന പ്രാചീന കാലത്തുപോലും സൂക്ഷ്മബോധമുള്ള മനുഷ്യരുടെ പ്രജ്ഞയിൽ എത്ര തെളിമയോടെയാണ്, അതൊക്കെ അടയാളപ്പെട്ടത് എന്നതിന് ദൃഷ്ടാന്തമാണ് ഭൂമി സൂക്തം പോലുള്ള കൃതികൾ.

പ്രകൃതിയുടെ അപ്രതിമത്വത്തെ ആദരിക്കുകയും ആരാധിക്കുകയും അതിലെ സസ്യ-ജന്തു വൈവിധ്യത്തിന്റെ അമൂല്യത തിരിച്ചറിയുകയും ചെയ്ത മനുഷ്യർ എക്കാലവും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈവിധ തിരിച്ചറിവുകൾ സമൂഹത്തിന്റെ പൊതുബോധമായി വളർത്തുന്നതിനുതകേണ്ടിയിരുന്ന വിദ്യാഭ്യാസം അതിന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും അകന്ന്, വ്യവസ്ഥകളെയും ഭരണകൂടങ്ങളെയും പിന്താങ്ങുന്നതിനുതകുന്ന തരത്തിൽ മനഃപൂർവ്വം വഴിതിരിക്കപ്പെടുകയാണുണ്ടായത്.

മതപരവും ശാസ്ത്രീയവും രാഷ്ട്രീയവുമായ മൂല്യസംഹിതകളൊന്നും തന്നെ, ആത്മീയ - ഭൗതിക ജീവിതത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന ജീർണ്ണതയെ തടുക്കാൻ ഉതകിയില്ല എന്നതാണ് വർത്തമാനകാലത്ത് നിന്നും തിരിഞ്ഞു നോക്കുന്ന ആർക്കും മനസ്സിലാക്കാനാവുക.

എക്കാലവുമുള്ള ഏതൊരു മനുഷ്യസമൂഹത്തിലും നന്മകളും തിന്മകളും ഇടകലർന്നുതന്നെയാണിരുന്നിട്ടുള്ളത്. എന്നിരിക്കിലും വർത്തമാനകാല സമൂഹത്തെ താരതമ്യങ്ങളില്ലാത്ത വിധം വേറിട്ടുനിർത്തുന്നത്, അത് വികസനത്തിന്റെയും ഭോഗാർത്തികളുടെയും പേരിൽ പ്രകൃതിയുമായി അന്തിമ പോരാട്ടത്തിലേർപ്പെട്ടിരിക്കുകയാണ് എന്ന വസ്തുതയാണ്. ഋതു ചക്രങ്ങൾക്കനുസൃതമായ ഭേദഭാവങ്ങളോടെ ഈ ഭൂമിയുടെ അവസാന കാലം വരെ മലയും പുഴയും വയലും കടലുമൊക്കെ അങ്ങനെ നിലനിൽക്കുമെന്ന പ്രതീക്ഷകളെ അസ്ഥാനത്താക്കിക്കൊണ്ട് മണ്ണുമാന്തിയ യന്ത്രങ്ങൾ, നോക്കിയിരിക്കെ മലയും വയലും പുഴയും മാറ്റിത്തീർക്കുകയാണ്. ഇതൊക്കെ കണ്ടും കേട്ടും (സാമൂഹ്യ - കുടുംബ ജീവിയായതിനാൽ വിഭവനാശത്തിൽ തന്റേതായ പങ്ക് വഹിച്ച കൊണ്ടു തന്നെയും) വെറും മാപ്പു സാക്ഷിയായി ജീവിക്കുക എന്നതു ലജ്ജാകരവും നിന്ദ്യവുമായ ഒരു അവസ്ഥയായി ചിലർക്കെങ്കിലും തോന്നുന്നുണ്ടാവും.

ഓരോരോ കാലത്തും മനുഷ്യരാശിക്ക് സംഭവിച്ചു കൊണ്ടിരിക്കുന്ന ജീർണ്ണകൾക്കെതിരെ വ്യക്തിബോധങ്ങളിൽ ഉരുൾപ്പൊട്ടലുകളുണ്ടായിട്ടുണ്ട്. നഗരവത്കൃത വികസനവും വളർച്ചയും രാഷ്ട്രങ്ങളുടെയും ഭരണകൂടങ്ങളുടെയും അംഗീകൃത പൊതുസമീപനമായിരിക്കുമ്പോഴാണ് വികസനത്തിന് പരിധിയുണ്ട് (limits to growth) എന്നതു പോലുള്ള ചിന്തകൾ വ്യാവസായിക വിപ്ലവകാലത്ത് ഉദയം കൊള്ളുന്നത്. 'മരുന്നിന് പരിധിയുണ്ട്' (limits to medicine) എന്ന ആശയവും ഇതിന് അനുബന്ധമാണ്. മറ്റെല്ലാ തിന്മകളെയും അംഗീകൃത ജീവിത വ്യവസ്ഥയാക്കി മാറ്റുന്നത് സാമ്പ്രദായിക വിദ്യാഭ്യാസമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് സമൂഹത്തെ സ്കൂൾ മുക്തമാക്കുക (Deschooling Society) തുടങ്ങിയ വിപ്ലവാത്മകമായ ആശയങ്ങൾ ഉടലെടുത്തത്.

സമൂഹത്തെ അപനിർമ്മിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള, ഇവാൻ ഇല്ലീച്ചിനെപ്പോലുള്ളവരുടെ റാഡിക്കൽ ആശയങ്ങൾ, എസ്റ്റാബ്ലിഷ്മെന്റിന്റെ ഗുണഭോക്താക്കളായ വിദ്യാഭ്യാസ നടത്തിപ്പുക്കാരും മത സാംസ്കാരിക സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും സംയുക്തമായി മൊത്തത്തിൽതന്നെ തമസ്കരിച്ചതിൽ തെല്ലും അതിശയിക്കുവാനില്ല. അതുകൊണ്ടു മാത്രം പക്ഷേ ഇത്തരം ആശയങ്ങളുടെ പ്രസക്തി കുറയുന്നുമില്ല. ഇവാൻ ഇല്ലീച്ചിനെപ്പോലുള്ളവരുടെ ആന്റി എസ്റ്റാബ്ലിഷ്മെന്റ് ചിന്തകളുടെ ഒരുപടികൂടി കടന്നുചെല്ലുമ്പോഴാണ് ദൈവം മരിച്ചുപോയ പുലരിയുടെ ആഹ്ലാദത്തെക്കുറിച്ച് വാചാലനായ നീഷേയിലേക്ക് എത്തുന്നത്. പരിഷ്ക്കാരിയായ മനുഷ്യൻ ചങ്ങലക്കിട്ട വീട്ടുമൃഗമാണ് എന്ന് നീഷേ പറയുമ്പോൾ പരിഷ്കാരത്തിന്റെ മൗഢ്യങ്ങൾക്കുള്ളിൽ തുടലിൽ കിടന്ന് ഉരഞ്ഞുമുറിയുന്ന മനുഷ്യന് നീഷയെപ്പോലെയുള്ള ഒരാളുടെ ആശയത്തെ നിഗൂഢമായിട്ടെങ്കിലും അംഗീകരിക്കാതിരിക്കാവാനില്ല.


വലുതുകൾക്കു പിന്നാലെ ഭ്രമിച്ചുപായുന്ന മനുഷ്യനെ നോക്കി ചെറുതാണ് സുന്ദരം (small is beautiful) എന്നു പറഞ്ഞ ഷൂമാക്കറെയും ഈ കാലത്തിന് മറക്കാനാവുന്നതല്ല.

പ്രകൃതി വിരുദ്ധമായതും അന്തമറ്റ ഉപഭോഗത്തിലധിഷ്ഠിതവുമായ ആധുനിക നാഗരികതയുടെ ധൂസരത്വത്തിലും യാന്ത്രികതയിലും വീർപ്പുമുട്ടുകയാണ് ഇന്ന് ലോകമെങ്ങുമുള്ള മനുഷ്യസമൂഹങ്ങൾ. ജീവിതത്തിന്റെ വളരെ സ്വാഭാവികമായ സ്വച്ഛതയും താളലയങ്ങളും നഷ്ടമാവുന്നതുമൂലം, സഹജഗുണങ്ങളെല്ലാം തന്നെ കൈമോശം വന്ന് ആസുരമായി പരിണമിക്കുകയാണ് പുതിയ ലോകത്തിന്റെ മനോഗതികൾ. ഈവിധ അന്തഃക്ഷോഭങ്ങളുടെ പൊള്ളലുകളും മുറിവുകളുമാണ് ഇന്ന് നിത്യേനയെന്നോണം മാധ്യമങ്ങളിൽ അടയാളപ്പെട്ടുകൊണ്ടിരിക്കുന്നത്.

### കേരളീയത!

ഒരു ജനത എന്ന നിലക്ക് യാതൊരു ജൈവഗുണവും ശേഷിപ്പിക്കാത്ത ഒരു സമൂഹമായി മാറിക്കഴിഞ്ഞു കേരളം എന്ന് നമുക്ക് നമ്മെക്കുറിച്ചുതന്നെ പറയേണ്ടിവരുന്നതിനു ദുഃഖിക്കണം.

മൂല്യരഹിതമായ ഒരു ഉപഭോഗസമൂഹം എന്ന നിലക്കുള്ള എല്ലാ ജീർണ്ണതകളെയും അത് അടയാളപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഏറ്റവും പ്രകടമായ പ്രദർശനവേദികളാണ് ഇക്കാലത്തെ വിവാഹമാമാങ്കങ്ങൾ. അണിഞ്ഞൊരുങ്ങി കല്യാണത്തിനുപോകലാണ് ഇക്കാലത്ത് ഒരു ശരാശരി മലയാളിയുടെ ഞായറാഴ്ച വിനോദം. എനിക്ക് ഇന്ന് നാല് കല്യാണമുണ്ട് എന്ന് പലരും പറഞ്ഞ് അഭിമാനം കൊള്ളുന്നതും കാണാം. ചുറ്റുപാടും ശേഷിക്കുന്ന ഇത്തിരി മരവും മലയും വ



ചിത്രീകരണം: വിൽഫ്രഡ്

യലും പുഴയും ടിപ്പർലോറികളിൽ കയറി പാഞ്ഞുപോകുമ്പോൾ, അതിൽ വേവലാതി പൂണ്ട് നമുക്കൊന്നു കൂടിയാലോചിച്ച് പ്രതികരിക്കേണ്ടേ എന്ന് ചോദിക്കുന്നവരെ അടിമുടി പുച്ഛരിച്ച്, ഇസ്തിരിമേൽ സെന്റുപൂശി കല്യാണം കൂടാൻ ഉദ്വേഗപ്പെടുന്നതാണ് ഇന്ന് ശരാശരി മലയാളിയുടെ 'പ്രബുദ്ധത'!.

**തീവ്രമായി സ്വയം പരിണമിക്കാൻ സാധാരണ ആർക്കും കഴിയില്ല. എന്നിരിക്കലും ഉപഭോഗാധിഷ്ഠിതമായ യാന്ത്രിക നാഗരികതയുടെ കെടുതികൾ കൃത്യമായി തിരിച്ചറിയുന്ന ഒരാൾക്ക് അതിനുത്തരമെന്നോണം സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് (പ്രഖ്യാപനമൊന്നുമില്ലാതെ) വളരെ നിശ്ശബ്ദമായി സ്വന്തം ജീവിതത്തെ ആവുന്നത്ര ക്രമീകരിക്കുവാൻ സാധിക്കും**

## പരിഹാരമെന്ത്?

1968ൽ ഏപ്രിലിൽ, പത്തുരാജ്യങ്ങളിൽ നിന്നുമുള്ള പ്രമുഖ ശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിചക്ഷണർ, ധനശാസ്ത്രവിദഗ്ധർ, മനുഷ്യാവകാശ പ്രവർത്തകർ, വ്യവസായികൾ, ദേശീയ അന്തർദ്ദേശീയതലങ്ങളിലുള്ള ഉദ്യോഗസ്ഥമേധാവികൾ തുടങ്ങിയ മുപ്പതു പേർ റോമിൽ സമ്മേളിക്കുകയുണ്ടായി. ആ കൂട്ടായ്മയുടെ അജണ്ട ഇതായിരുന്നു. 'മനുഷ്യന്റെ വർത്തമാനകാല-ഭാവി ദുരവസ്ഥകൾ.'

ഈ കൂട്ടായ്മയിൽനിന്നുമാണ് പില്കാലത്ത് പ്രസിദ്ധമായിത്തീർന്ന റോമൻക്ലബ്ബ് ഉരുത്തിരിയുന്നത്. പിന്നീട് അന്താരാഷ്ട്രതലത്തിൽ പരിസ്ഥിതി നാശത്തിനെതിരെയും ഭൂമിയുടെ ആരോഗ്യത്തിനും ആയുസ്സിനും വേണ്ടിയും ഉണ്ടായിത്തീർന്ന പലവിധ ഉടമ്പടികൾക്കും നിലപാടുകൾക്കും മാർഗ്ഗദർശകമായിത്തീർന്നത് റോമൻ ക്ലബ്ബിന്റെ റിപ്പോർട്ടാണ്.

നിലവിൽ ലോകമെങ്ങും തുടരുന്ന തരത്തിലുള്ള വികസന രീതികൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളാണ് വിദഗ്ധസംഘം പഠനവിധേയമാക്കിയത്. ജനസംഖ്യാവർദ്ധന, കാർഷികോല്പാദനം, പുനരുല്പാദന സ്വഭാവമില്ലാത്ത വിഭവങ്ങളുടെ ശോഷണം, വ്യാവസായിക ഉല്പാദനം മലിനീകരണം എന്നിങ്ങനെ അഞ്ച് അടിസ്ഥാന വസ്തുതകളിലൂന്നിയാണ് പഠനം തുടരുന്നത്. ഈ പഠനറിപ്പോർട്ട് 'വികസനത്തിന്റെ പരിധികൾ' (limits to growth) എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

"ജനസംഖ്യയും ഉല്പാദനവും വളരെ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കുന്ന ഒരു സന്തുലിതാവസ്ഥയിൽ സൂക്ഷിക്കുകയും ഓരോ മനുഷ്യനും തനിക്ക് സ്വയം പരിധികല്പിക്കുകയും ആ ഗോളതലത്തിൽത്തന്നെ ഒരു സന്തുലിതാവസ്ഥ സാധിക്കാവുന്നവിധം ഉപഭോഗവസ്തുക്കളുടെ ഉല്പാദനത്തിന് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്താൽ, ഈ ഭൂമിയിൽ അനന്തകാലം ജീവിക്കാനാവും വിധമുള്ളൊരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ മനുഷ്യനു സാധിക്കും"എന്നതാണ് Limits to Growth എന്ന റിപ്പോർട്ട് മനുഷ്യരാശിക്കു നല്കുന്ന സന്ദേശം.

"ലോകരാഷ്ട്രങ്ങൾക്ക് അവരുടെ ചിരപുരാതനമായ കലഹങ്ങൾ അവസാനിപ്പിക്കുവാനും മനുഷ്യന്റെ ജീവിതാന്തരീക്ഷം മെച്ചപ്പെടുത്തുവാനും ജനസംഖ്യാ വിസ്ഫോടനം നിയന്ത്രിക്കുവാനുമായി ഇനി ശേഷിക്കുന്നത് കേവലം പത്തുവർഷങ്ങളാണ് എന്ന് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ എന്ന നിലയ്ക്ക് എനിക്ക് ലഭിച്ച അറിവുകളുടെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണെങ്കിൽ അത് നാടകീയമാവുകയില്ല എന്ന് തോന്നുന്നു."

1969-ൽ യു.എൻ.ഒ ജനറൽ സെക്രട്ടറി യു. താന്റ് പ്രസ്താവിച്ചതാണിത്.

ഐക്യരാഷ്ട്രസഭ പോലുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ ഇത്തരം തിരിച്ചറിവുകളും പ്രഖ്യാപനങ്ങളും പക്ഷേ, ലോകരാഷ്ട്രങ്ങളുടെ വികസന നയരൂപീകരണത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയില്ല എന്നാണ് കാലം ചെല്ലുന്തോറും അധികമധികം വഷളായി വരുന്ന ജീവിതാന്തരീക്ഷവും പരിസ്ഥിതിനാശങ്ങളും വ്യക്തമാക്കുന്നത്.

## നിങ്ങൾ കപ്പലിനകത്തോ പുറത്തോ?

ഉദ്ദേശം ഒന്നരവ്യാഴവട്ടകാലം മുമ്പ്, ഇതു കുറിക്കുന്നയാൾ ഉൾപ്പെടെ കേരളത്തിൽ നിന്നുള്ള ഒരു യാത്രാസംഘം ബോംബെയിൽ താമസിച്ചിരുന്ന വിനിൽ പെരേരയെ സന്ദർശിക്കുകയുണ്ടായി. ഇന്ത്യയിലെ പരിസ്ഥിതി എഴുത്തുകാരിൽ പ്രമുഖനാണ് വിനിൽ പെരേര. സ്വന്തം വീടുതന്നെ ഒരു പബ്ലിഷിങ്ങ് ഹൗസാണ് അദ്ദേഹത്തിന്. സ്വീകരണമുറിയിൽ വളരെനേരം കാത്തിരുന്ന ശേഷമാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. ഇരുപുറവും രണ്ടാളുകൾ താങ്ങിപ്പിടിച്ചാണ് പെരേരയെ കൊണ്ടുവന്ന് ഒരു കസേരയിലിരുത്തിയത്. കാണാൻ ചെന്നു ബുദ്ധിമുട്ടിച്ചതിന്റെ ഈർഷ്യ അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമായിരുന്നു.

പരിസ്ഥിതി ജൈവകൃഷി പ്രവർത്തകരടങ്ങുന്ന സംഘം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അദ്ദേഹത്തോട് വിശദീകരിച്ചു. അതൊന്നും തനിക്കു കേൾക്കുകയേ വേണ്ട എന്ന മട്ടിൽ അക്ഷമയോടെ അദ്ദേഹം തിരിച്ചൊരു ചോദ്യം ചോദിച്ചു. ഒരു ചോദ്യമേ എനിക്ക് നിങ്ങളോടുള്ളൂ. "നിങ്ങൾ കപ്പലിനകത്തോ പുറത്തോ? അകത്താണെങ്കിൽ ബാക്കി ഒന്നിനാലും ഒരു പ്രയോജനവുമില്ല." ഒരു നിമിഷത്തെ ഇടവേളക്കുശേഷം നിരാശ നിഴലിക്കുന്നവിധം ആത്മഗതമെന്ന മട്ടിൽ അദ്ദേഹം കൂട്ടിച്ചേർത്തു. "നിങ്ങൾക്കൊക്കെ അറിയാവുന്നതുപോലെ, ഞാൻ പരിസ്ഥിതി നാശത്തെക്കുറിച്ച് ധാരാളം പറഞ്ഞു. എഴുതി. പക്ഷേ ദാ നോക്കൂ, ധൂസരമായ ഈ മഹാനഗരം, ജീവിച്ചിരിക്കെത്തന്നെ എന്നെ ഏതാണ്ട് കൊന്നുകഴിഞ്ഞിരിക്കുന്നു. അത്ര ഭീകരമാണ് ഇവിടത്തെ മലിനീകരണം. ജീവിതംകൊണ്ട് അതിലൊക്കെ മുഴുകുകയും ബുദ്ധികൊണ്ട് അതിനോട് കലഹിക്കുകയും ചെയ്തതുകൊണ്ടുമാത്രം ഒരു വിശേഷവുമില്ല. ആധുനിക യാന്ത്രികനാഗരികതയിൽ നിന്നു വേറിട്ട ഒരു വഴി സ്വീകരിക്കാൻ കഴിയുമെങ്കിൽ മാത്രമേ ഇനി മനുഷ്യരാശിക്ക് ഭാവിയുള്ളൂ."

> **എഴുതുക, പറയുക**
>
> 'ഏകലോകം: അറിവും അനുഭവവും' എന്ന പ്രത്യേകലക്കം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകളോടുള്ള പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. സംവാദങ്ങൾ തുടരുന്നു.

## വേറിട്ട വഴി

ഉദ്ദേശം പതിനഞ്ചുവർഷങ്ങൾക്കുമുമ്പാണ്. മണ്ണാർക്കാട്ടെ ബഷീർ മാസ്റ്ററുടെ വീട്ടിൽ 'നിലമുഴാതെ കൃഷി' എന്ന വിഷയത്തിൽ ഒരു അന്താരാഷ്ട്ര പഠനക്കളരി നടക്കുന്നു. വിദേശങ്ങളിൽനിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ എത്തിയിട്ടുണ്ട്. അവർക്കിടയിൽ പരുക്കൻ കോറത്തുണി കൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ച കരുത്തരായ അഞ്ചാറു ചെറുപ്പക്കാരുടെ സംഘം എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചു. മുപ്പതിൽ താഴെയാണ് എല്ലാവരുടേയും പ്രായം. പ്രമുഖ എഞ്ചിനിയറിംഗ് കോളേജുകളിൽ ബി.ടെക്കിനും എം. ടെക്കിനും പഠിച്ചുകൊണ്ടിരുന്നവരായിരുന്നു എല്ലാവരും. ഇക്കാലത്തെ ഉപഭോഗനാഗരികതയും യാന്ത്രികതയും പരിഷ്കാരങ്ങളും മനുഷ്യനെയും അവനിലൂടെ പ്രകൃതിയെയും ഈ മണ്ണിൽ നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയുക മാത്രമല്ല, അതിനുപരിഹാരമായി ജീവിക്കേണ്ടതെങ്ങനെയെന്ന് സമൂഹത്തിനു കാണിച്ചുകൊടുക്കാനായി സാഹസികമായി ഇറങ്ങിത്തിരിച്ചവരുമാണാ യുവാക്കൾ. വായിൽ വെള്ളിക്കരണ്ടിയോടെ പിറന്ന അവർ ആ വക സുഖസൗകര്യങ്ങളൊക്കെ വെടിഞ്ഞ് കർണ്ണാടകത്തിൽ റോഡും വൈദ്യുതിയും ഇനിയും കടന്നു ചെന്നിട്ടില്ലാത്ത ഏതോ വിദൂരഗ്രാമത്തിൽ കുടിലുകെട്ടി കിണറുകുത്തി, ആടുമേച്ച്, കൃഷി ചെയ്തു ജീവിതമാരംഭിരിക്കയാണവർ...!

ഇത്രക്കൊന്നും തീവ്രമായി സ്വയം പരിണമിക്കാൻ സാധാരണ ആർക്കും കഴിയില്ല. എന്നിരിക്കലും ഉപഭോഗാധിഷ്ഠിതമായ യാന്ത്രിക നാഗരികതയുടെ കെടുതികൾ കൃത്യമായി തിരിച്ചറിയുന്ന ഒരാൾക്ക് അതിനുത്തരമെന്നോണം സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് (പ്രഖ്യാപനമൊന്നുമില്ലാതെ) വളരെ നിശ്ശബ്ദമായി സ്വന്തം ജീവിതത്തെ ആവുന്നത്ര ക്രമീകരിക്കുവാൻ സാധിക്കും. ഓരോ വിഭവത്തിന്റേയും ഉപയോഗത്തിലും, പ്ലാസ്റ്റിക് പോലുള്ളവയോടുള്ള സമീപനത്തിലും വിവേകവും ജാഗ്രതയും പുലർത്തി, ആൾക്കൂട്ടങ്ങളിലായിരിക്കുമ്പോൾ പോലും അതിന്റെ കഥയില്ലായ്മകൾ തിരിച്ചറിഞ്ഞ് തന്റേടത്തോടെ ജീവിക്കുവാൻ ശ്രമിക്കലാണ് ഈ കാലം ഓരോ മനുഷ്യനോടും ആവശ്യപ്പെടുന്നത്. ആ വിധത്തിൽ അല്പാല്പമായെങ്കിലും സ്വയം പ്രകാശിക്കുവാൻ തുടങ്ങുന്നതോടെ ആ വെട്ടം അയൽപക്കങ്ങളിലേക്കും പ്രസരിക്കുവാനാരംഭിക്കും. (Your information is not of any use, but your transformation may help many- J. Krishnamurthy)

## വാൾഡൻ തടാകക്കരയിലേക്ക് എത്ര ദൂരം?

"തനിക്കുപേക്ഷിക്കാൻ കഴിയുന്ന വസ്തുക്കളുടെ എണ്ണത്തിന്റെ അനുപാതമനുസരിച്ചാണ് ഒരാൾ സമ്പന്നനാവുന്നത്."

"ഏതിന്റേയും പരകോടി അതിന്റെ വിപരീതത്തെ ഉള്ളിൽ വഹിക്കുന്നുണ്ട്."

"ഒരു മനുഷ്യൻ എവിടെപ്പോയാലും മനുഷ്യർ അവരുടെ വൃത്തികെട്ട സ്ഥാപനങ്ങളുമായി അവനെ പിന്തുടരുകയും അവനെ അഴുക്കിൽ കുളിപ്പിക്കുകയും ചെയ്യും."

"പരിപൂർണ്ണത എന്നാൽ ആർത്തിയിൽ നിന്നുള്ള മോചനം തന്നെയാണ്. കൃമിയുടെ അവസ്ഥയിലുള്ള മനുഷ്യനാണ് മൂക്കറ്റം തിന്നുന്നത്."

– ഹെന്റി ഡേവിഡ് തോറോ

> **മെയ് 25ന് എൻഡോസൾഫാൻ ദിനം**
>
> ദുരിതങ്ങൾ അവസാനിക്കുന്നില്ല. ഇരകൾക്ക് നീതി ലഭിച്ചിട്ടില്ല. നഷ്ടപരിഹാരവും ചികിത്സയും ഇനിയും കിട്ടാക്കനി. ദുരിതബാധിതരോടൊപ്പം നമുക്കും കൈകോർക്കാം. ബന്ധങ്ങൾക്ക്: അമ്പലത്തറ കുഞ്ഞികൃഷ്ണൻ, 8547654654
>
> **ടോൾ വിരുദ്ധ ഉപവാസ സമരം 100 -ാം ദിവസം**
>
> പാലിയേക്കരയിൽ എൻ.എച്ച് 47ൽ ബി.ഒ.ടി പാതയ്ക്കെതിരായുള്ള സത്യാഗ്രഹം 100-ാം ദിവസം പിന്നിടുന്നു. പ്രതിഷേധ സായാഹ്നം മെയ് 22ന് വൈകീട്ട് 4 മണിക്ക്. *ബന്ധങ്ങൾക്ക്: 9946229484*